<u>പതിനാലാം കേരള നിയമസഭ</u>
<u>അഞ്ചാം സമ്മേളനം</u>

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 3017 — 10-05-2017 ൽ മറുപടിയ്ക്ക്

## <u>ചാരുംമൂട് കേന്ദ്രമാക്കി ഫയർ ആൻഡ് റസ്ക്യൂ സർവ്വീസ് സ്റ്റേഷൻ</u>

| <u>ചോദ്യം</u><br>**ശ്രീ.ആർ.രാജേഷ്** | <u>മറുപടി</u><br>**ശ്രീ.പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
|---|---|
| എ) മാവേലിക്കര നിയോജക മണ്ഡലത്തിൽ ചാരുംമൂട് കേന്ദ്രമാക്കി ഫയർ ആൻഡ് റസ്ക്യൂ സർവ്വീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | എ) ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതു സംബന്ധിച്ച് സർക്കാർ അംഗീകരിച്ചിട്ടുള്ള മുൻഗണനാപട്ടികയിൽ ചാരുംമൂട് ഉൾപ്പെട്ടിട്ടില്ല. ചാരുംമൂടിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനു വേണ്ടി കല്ലട ഇറിഗേഷൻ പദ്ധതിയുടെ കൈവശമുള്ള ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങളിൽ ഒന്ന് അനുവദിച്ച് നൽകുന്നതിന് മാവേലിക്കര താമരക്കുളം ഗ്രാമപഞ്ചായത്ത് തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. പ്രസ്തുത സ്ഥലം/ കെട്ടിടം ഫയർ & റെസ്ക്യൂ വകുപ്പിന് കൈമാറി ലഭിക്കുന്ന മുറയ്ക്ക് ഫയർസ്റ്റേഷൻ ആരംഭിക്കുന്ന തിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| ബി) ഇതിനായി ഇറക്കിയിട്ടുള്ള ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ? | ബി) ബാധകമല്ല. |

സെക്ഷൻ ഓഫീസർ